2020 ഏപ്രിൽ 18 ശനി

# നാട്ടുപച്ച

## വായനക്കൂട്ടം മാഗസിൻ

## സി.എൻ.എൻ. ഗേൾസ് ഹൈസ്കൂൾ ചേർപ്പ്

കൊറോണക്കാലം | വായനക്കാലം

# വായനാക്കുറിപ്പുകൾ

അതിജീവനം എന്ന സമസ്യക്കുള്ളിലാണ് ഇന്ന് ലോകം. ഒരജ്ഞാതനായ വൈറസ് കാലത്തെ നിശ്ചലമാക്കിയിരിക്കുന്നു. ഇതിൽ കുട്ടികൾ ഏറെ ദുഃഖിതരാണ്. നാളെ എന്ന ചോദ്യത്തെ അവർക്ക് നേരിടാൻ ഉതകുന്ന വലിയൊരു ശ്രമമാണ് വായനക്കൂട്ടത്തിന്റെ നാട്ടുപച്ച മാഗസിനിലൂടെ നടക്കുന്നത്. ഈയൊരു മഹനീയ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു. ഒപ്പം ചേർപ്പ് സി.എൻ.എൻ. ഗേൾസ് ഹൈസ്കൂളിലെ കുട്ടികളെയും ആശംസകൾ അറിയിക്കട്ടെ. പ്രിയമുള്ളവരെ, ഈ കാലത്തെ നമ്മൾ അതിജീവിക്കുക തന്നെ ചെയ്യും.




**ശ്രീകണ്ഠൻ കരിക്കകം**
എഴുത്തുകാരൻ



നന്ദന രാജ് 8 സി.

## മരങ്ങൾ നട്ട മനുഷ്യൻ




### ഴാൻ ജൊനൊ

**ലോ**കപ്രശസ്ത സാഹിത്യകാരൻ ഴാൻ ജൊനൊവിന്റെ പുസ്തകമാണ് മരങ്ങൾ നട്ട മനുഷ്യൻ. മലഞ്ചെരിവുകളിലെ പാഴ് നിലങ്ങളിൽ മരം നട്ടു പിടിപ്പിച്ച് വനമാക്കിത്തീർത്ത എൻസിയാർ ബുഫ്യെയുടെ ജീവിത കഥയാണിത്. മരങ്ങളെയും മരങ്ങൾ നടുന്നതിനെയും പ്രോത്സാഹിപ്പിക്കുക എന്ന മഹത്തായ ലക്ഷ്യത്തിനു വേണ്ടി എഴുതിയ പുസ്തകമാണിത്.

നമ്മുടെ ഈ തലമുറ മറന്നു പോയ കഥ. മരങ്ങളെല്ലാം വെട്ടി മുറിച്ച് ബിസിനസ് നടത്തുന്ന മനുഷ്യരുടെ നേരെ പല ചോദ്യങ്ങൾ തുറന്നു കാട്ടുന്ന ബാലസാഹിത്യ കൃതിയാണിത്.

ലോക സാഹിത്യത്തിന് ഫ്രാൻസ് സമ്മാനിച്ച മികച്ച എഴുത്തുകാരുടെ പട്ടികയിലെ ആദ്യ പേരുകാരിൽ ഒരാളാണ് ഴാൻ ജൊനൊ. ഈ പുസ്തകം പല ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. മലഞ്ചെരിവുകളിലെ പാഴ്നിലങ്ങൾ മുഴുവൻ വനമാക്കി മാറ്റിയ ബുഫ്യെയുടെ കഥ ഓരോ വ്യക്തിയെയും മരങ്ങൾ നടാൻ പ്രേരിപ്പിക്കുന്നു. പല ആശയങ്ങളുണ്ടെങ്കിലും ഈ തലമുറയ്ക്ക് ഈ ബാലസാഹിത്യം പ്രചോദനമാണ്. എന്നെയും ഏറെ സ്വാധീനിച്ചിട്ടുണ്ട് ഈ പുസ്തകം. ഇത് എല്ലാവരും വായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## കവികളും കവിതാ ശകലങ്ങളും

<u>എ.ബി.വി. കാവിൽപ്പാട്</u>

**എ**.ബി.വി. കാവിൽപ്പാടിന്റെ കവികളും കവിതാശകലങ്ങളും എന്ന പുസ്തകം വളരെ രസകരമാണ്. ഏതു പ്രായക്കാർക്കും വായിച്ചു മനസ്സിലാക്കാൻ കഴിയുന്ന ലളിതമായ ഭാഷയിലാണ് ഈ പുസ്തകം എഴുതിയിരിക്കുന്നത്. ഓരോ കവികളുടെയും ജീവിതക്കുറിപ്പും അവരുടെ കവിതാ ശകലങ്ങളുമാണ് ഈ പുസ്തകത്തിൽ തന്നിട്ടുള്ളത്. ആധുനിക കവിത്രയത്തിൽപ്പെടുന്ന ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരും പ്രാചീന കവിത്രയത്തിൽ ഉൾപ്പെടുന്ന എഴുത്തച്ഛൻ ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ എന്നിവരും കാവിൽപ്പാടിന്റെ ഈ പുസ്തകത്തിലുണ്ട്. കാവിൽപ്പാടിന്റെ ഈ പുസ്തകത്തിൽ നിന്നുള്ള അറിവുകൾ നമ്മുടെ വിദ്യാഭ്യാസത്തിനും വളർച്ചയ്ക്കും കൂടുതൽ ഫലപ്രദമാകും. മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനെക്കുറിച്ചും ഈ പുസ്തകത്തിലുണ്ട്. എഴുത്തച്ഛൻ മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു സമീപം തിരൂർ തുഞ്ചൻ പറമ്പിലാണ് ജനിച്ചത്. കിളിപ്പാട്ട് എന്ന സാഹിത്യ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് തുഞ്ചത്ത് എഴുത്തച്ഛൻ. എഴുത്തച്ഛന്റെ ചില മൊഴിമുത്തുകൾ –

*താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ / താന്താനനുഭവിച്ചീടുകെന്നേ വരൂ.*

അതുപോലെ,

*ആപത്തു വന്നടുത്തീടുന് നേരത്തു*
*ശോഭിക്കയില്ലെടോ സജ്ജനഭാഷിതം*

കാവിൽപ്പാടിന്റെ ഈ പുസ്തകം നിരവധി കവികളെ നമ്മെ ഓർമ്മപ്പെടുത്തുന്നു. എല്ലാവരും ഈ പുസ്തകം വായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**- നിവേദ്യ എം.ജി. 5 സി.**



ദേവിക എ. 8 ഇ.




**മ**ലയാള സാഹിത്യത്തിലെ അതികായനായ വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതിയാണ് ആനപ്പൂട. തന്റെ മിക്ക കൃതികളിലും ബഷീർ സ്വന്തം ജീവിതം തന്നെ പകർത്തുകയാണ്. ബാല്യകാലം മോഹനമായ കാലഘട്ടം ആണ് എന്നും അദ്ദേഹം വിശേഷിപ്പിക്കുന്നു. അക്കാലത്ത് വിദ്യാർത്ഥി സമരം ഒന്നും ഉണ്ടായിട്ടില്ല എന്നും അദ്ധ്യാപകരോട് സ്നേഹവും ഭക്തിയും മാത്രമാണുണ്ടായിരുന്നതെന്നും അദ്ദേഹം പറയുന്നു. ഇതിലൂടെ ബഷീർ ഇപ്പോഴത്തെ കാലഘട്ടത്തെ ചോദ്യം ചെയ്യുകയാണ്.

ഈ കൃതിയിൽ രസകരമായി തോന്നിയ കഥ കഷണ്ടിത്തലയുള്ള അബ്ദുൾ അസീസ് തനിക്കും സുഹൃത്ത് ശങ്കരയ്യർക്കും മന്ത്രച്ചരട് വാങ്ങുകയും അത് വിപരീതഫലം തരുന്നതുമാണ്. താൻ എഴുതിയ കൃതികൾ അടുത്ത തലമുറയ്ക്ക് വായിക്കാൻ കഴിയാതെ വരുമോ എന്ന് ബഷീർ ആശങ്കപ്പെടുന്നു. മകളുടെ കൂട്ടുകാരെ രക്ഷിക്കാൻ മകൾ കളവു പറഞ്ഞപ്പോൾ ഒരിക്കലും ഒന്നിനും കളവു പറയാൻ പാടില്ല, ചെയ്ത തെറ്റ് തിരുത്താമെന്നു പറയണം, തിരുത്തുകയും വേണം എന്നു പറയുന്നു.

ഈ കൃതിയിലൂടെ ബഷീർ തന്റെ പെൻഷൻ ബുക്കും പൈസയും തിരികെക്കൊടുത്ത വത്സരാജൻ എന്നയാളെ നന്ദിപൂർവ്വം ഓർക്കുന്നു. ലോകത്തുനിന്നും സത്യം, ധർമ്മം, നീതി ഒക്കെ നശിച്ചിരിക്കുന്നു എന്ന് ബഷീർ എപ്പോഴും പറയുമായിരുന്നു.

വ്യത്യസ്തമായ ജീവിതാനുഭവങ്ങളിലൂടെ ബഷീറിന് മനുഷ്യ ജീവിതത്തിൽ തന്റേതായ കാഴ്ചപ്പാടുകൾ ഉണ്ടാകുന്നു. ബഷീർ കൃതികളിലുട നീളം ദൃശ്യമാകുന്ന ഒരന്തർധാരയുണ്ട്. അത് സ്നേഹത്തിന്റേതാണ്. സൂഫിയും സന്യാസിയുമായിരുന്ന ഈ എഴുത്തുകാരന്റെ ഹൃദയത്തിൽ നിന്ന് വിനിർഗ്ഗമിക്കുന്ന മഹത്തായ ഈ വികാരം മനുഷ്യനെ മാത്രമല്ല സർവ്വ ചരാചരങ്ങളെയും അതിന്റെ ഗഢാശ്ലേഷത്തിൽ വരിഞ്ഞു കെട്ടുന്നു എന്ന് ടി. പത്മനാഭൻ അഭിപ്രായപ്പെടുന്നുണ്ട്.

വായനക്കാർക്ക് വായനയുടെ പുതിയ അനുഭവതലം സമ്മാനിച്ചിരിക്കുകയാണ് ബഷീർ ഈ കൃതിയിലൂടെ എല്ലാവരും ഈ പുസ്തകം വായിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.